بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 03.04.15 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

*03.04.15 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുആ ഖുത്ബയുടെ സംഗ്രഹം*

**അഹ്മദിയ്യത്ത് അല്ലാഹുവിന്റെ കൈയാൽ നടപ്പെട്ട ചെടിയാണെന്നതിൽ ഒരു സംശയവുമില്ല. അവന്റെ വാഗ്ദാനമനുസരിച്ച് അത് വളരണം. പുഷ്പിക്കണം. പെരുകുകയുംവേണം. ഇൻശാഅല്ലാഹ്. ചേരിതിരിവിന് പകരം ഒരൊറ്റ സമുദായം ആയിക്കൊണ്ട് മസീഹ് മൗഊദിന്റേയും മഹ്ദി മൗഊദിന്റയും കൈയിൽ സംഘടിക്കുക.അധഃപതനത്തിൽനിന്ന് രക്ഷപ്പെടാനും അഭിവൃദ്ധിയുടെ ഉന്നതസ്ഥാനത്ത് വീണ്ടും നടക്കാനും ഒരേയൊരു വഴിയേയുള്ളൂ.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനും ശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരു ദിവസം തന്റെ സ്നേഹിതന്മാരോടൊപ്പം പ്രഭാതസവാരിക്ക് പോകുകയായിരുന്നു. വഴിയിൽവച്ച് അല്ലാഹുവിന്റെ ദാനങ്ങളേയും സഹായങ്ങളേയും കുറിച്ച് സംസാരമുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു, 'അല്ലാഹു സത്യത്തെ പ്രകാശിപ്പിക്കുന്നതിനും നമ്മുടെ ഈ ജമാഅത്തിനെ സഹായിക്കുന്നതിനുംവേണ്ടി അധികമായി സമ്മർദം ചെലുത്തിക്കൊണ്ടിരുന്നിട്ടും ആളുകളുടെ കണ്ണുകൾ തുറക്കുന്നില്ല.' അവിടന്ന് പറഞ്ഞു, 'ഒരിക്കൽ ഒരു ശത്രു എനിക്കൊരു കത്തെഴുതി. അയാൾ പറഞ്ഞു, താങ്കളെ എതിർക്കുന്നതിൽ ആളുകൾ ഒരു കുറവും വരുത്തിയിട്ടില്ല. ഇത്രത്തോളം എതിർപ്പുണ്ടായിട്ടും താങ്കൾ വിജയിച്ചുകൊണ്ടേ പോകുന്നതിന്റെ കാരണമാണ് ഞങ്ങൾക്ക് മനസ്സിലാകാത്തത്.'

ഇത് അല്ലാഹു അദ്ദേഹത്തിനോടു ചെയ്ത വാഗ്ദാനമൊന്നുമാത്രമായിരുന്നു. അതിന്റെ ഫലങ്ങൾ വെളിപ്പെട്ടതാണ്. അക്കാലത്തു മാത്രമല്ല ഇന്നുവരേയും എതിരാളികൾ തങ്ങളുടെ ശക്തി പ്രയോഗിച്ചുകൊണ്ടേയിരിക്കുന്നു. പക്ഷേ, ഈ ജമാഅത്ത് അല്ലാഹുവിന്റെ ദാനത്താൽ വർധിച്ചുകൊണ്ടേപോകുകയാണ്. എതിരാളികൾ ലോകത്തെവിടെയെല്ലാം അഹ്മദികളെ അടിച്ചമർത്താനും നശിപ്പിക്കാനും ശ്രമിച്ചുകൊണ്ടിരിക്കുന്നുവോ അല്ലാഹു അവിടങ്ങളിലെ അഹ്മദികളുടെ ത്യാഗങ്ങളുടെ നിലവാരം ഉയർത്തിക്കൊണ്ടിരിക്കുന്നു. മറ്റു രാജ്യങ്ങളിലും ജമാഅത്തിന്റെ അഭിവൃദ്ധിക്കുള്ള വഴികൾ സ്വയമേവ തുറക്കുന്നു. നമ്മൾ നമ്മുടെ പരിശ്രമത്താൽ ആ വഴികൾ തുറക്കാൻ ശ്രമിച്ചിരുന്നെങ്കിൽ ഒരിക്കലും അതിൽ വിജയിക്കുമായിരുന്നില്ല. അഹ്മദിയ്യത്ത് അല്ലാഹുവിന്റെ കൈയാൽ നടപ്പെട്ട ചെടിയാണെന്നതിൽ ഒരു സംശയവുമില്ല. അവന്റെ വാഗ്ദാനമനുസരിച്ച് അത് വളരണം. പുഷ്പിക്കണം. പെരുകുകയുംവേണം. ഇൻശാ അല്ലാഹ്.

ഇപ്പോൾ ഞാൻ ഇക്കാലത്തുണ്ടായിക്കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങളുടെ സംഭവങ്ങൾ അതായത് എങ്ങനെയാണ് അല്ലാഹു ജനങ്ങളുടെ മനസ്സുകൾ തുറക്കുന്നത്, എങ്ങനെയാണ് അവർക്ക് അഹ്മദിയ്യത്തിന്റെ സന്ദേശം എത്തുന്നത് തുടങ്ങിയ കാര്യങ്ങൾ വിവരിക്കുന്നതാണ്.

നമ്മുടെ നൈജീരിയായിലെ മുബല്ലിഗ് എഴുതുന്നു: ഒരു തബ്ലീഗ് പര്യടനവേളയിൽ കുണ്ടുംകുഴിയുമുള്ള ഒരു വഴിയെപോയി. തബ്ലീഗ് ചെയ്തുകൊണ്ട് അങ്ങനെ മുമ്പോട്ടു പോകുകയായിരുന്നു. മൂന്നു ദിവസത്തിനുശേഷം അതേ വഴിയിലൂടെ മടങ്ങി വരുമ്പോൾ ഒരിടത്ത് ആളുകൾ ഞങ്ങളെ തടഞ്ഞു. അവർ പറഞ്ഞു, 'ഞങ്ങൾ നിങ്ങളെ കാത്തുനില്ക്കുകയായിരുന്നു. നിങ്ങൾ ഇപ്പോൾതന്നെ ഇമാം സാഹിബിന്റെ അടുക്കൽ വരണം.' അങ്ങനെ ഞങ്ങൾ ഇമാംസാഹിബിന്റെ അടുക്കലെത്തിയപ്പോൾ ഇമാം സാഹിബ് പറഞ്ഞു:'അല്ലാഹു ഞങ്ങളെ സംതൃപ്തരാക്കിയിരിക്കുന്നു. അതുകൊണ്ട് ജമാഅത്ത് സത്യമാണോ എന്നതിനെക്കുറിച്ച് ഞങ്ങൾക്ക് ഒരു സംശയവുമില്ല.' എങ്ങനെയാണ് അല്ലാഹു അവരെ സംതൃപ്തരാക്കിയത്? ആ സംഭവം അവർ കേൾപിച്ചു:'ഇതിലെ നിങ്ങൾ കടന്നു പോകുമ്പോൾ നിങ്ങൾ പോയതിനുശേഷം മാറാവി നഗരത്തിലെ വഹാബികളുടെ വലിയ ഇമാം സാഹിബ് തന്റെ സംഘത്തോടൊപ്പം ഇവിടെ വന്നു. അഹ്മദി കാഫിറാണെന്ന് പറഞ്ഞുകൊണ്ടിരുന്നു. നിങ്ങൾ കാഫിറായ ആളുകളെ പള്ളിയിൽ എന്തിന് കയറ്റിയെന്നും തബ്ലീഗിനുള്ള അവസരം എന്തിന് നല്കിയെന്നും ചോദിക്കുകയും ചെയ്തു. അപ്പോൾ തദ്ദേശഇമാം സാഹിബ് അവരോട് പറഞ്ഞു, 'ഈ വ്യത്യാസമാണ് നിങ്ങളും അഹ്മദികളും തമ്മിൽ! താങ്കൾ ഇവിടെ വന്നതുമുതൽ കാഫിറെന്നല്ലാതെ മറ്റൊന്നും പറഞ്ഞില്ല. അഹ്മദികൾ ഇവിടെ ഇരുന്ന നേരമത്രയും വിശുദ്ധ ഖുർആനും ഹദീഥുകളുമല്ലാതെ മറ്റൊന്നും പറഞ്ഞിരുന്നില്ല. അഹ്മദികളുടെ ഇക്കാര്യം കുഫ്റാണെങ്കിൽ ഞങ്ങൾക്ക് അവരുടെ ഈ കുഫ്റാണ് ഇഷ്ടം.' അവിടെ ബയഅത്തുകൾ നടന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഒരു വലിയ ജമാഅത്ത് നിലവിൽവന്നു.

തൻസാനിയായിൽനിന്ന് ത്വബൂറായിലെ മുബല്ലിഗ് എഴുതുന്നു:'ഒരു വലിയ ജമാഅത്ത് ഇവിടെ നിലവിൽ വന്നിട്ടുണ്ട്. ഈ ജമാഅത്ത് ത്വബൂറ നഗരത്തിൽനിന്ന് 35 കിലോമീറ്റർ ദൂരെയാണ്. ഇവിടെ ജമാഅത്ത് സ്ഥാപിതമായത് അഹ്മദി സ്നേഹിതനായ സുലയ്മാൻ ജുമുഅ സാഹിബ് മുഖേനയാണ്. അദ്ദേഹം അവിടെ തബ്ലീഗിനുവേണ്ടി പോകാറുണ്ടായിരുന്നു. നോട്ടീസുകൾ വിതരണം ചെയ്തിരുന്നു.അതുമുഖേന കുറച്ചാളുകൾ ബയ്അത്തുചെയ്തു. ഇതിനുശേഷം

ജമാഅത്തിന്റെ മുഅല്ലിം സാഹിബ് നിരന്തരം അവിടെപ്പോയി തബ്ലീഗ് ചെയ്തു. അപ്പോഴും കുറച്ചാളുകൾ ബയ്അത്തുചെയ്തു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇപ്പോൾ അംഗസംഖ്യ അവിടെ വർധിച്ചുകൊണ്ടേപോകുകയാണ്. ജമാഅത്തംഗങ്ങൾ പാവത്തുങ്ങളാണ്. പക്ഷേ ഈമാന്റെ വികാരത്താൽ ഉന്മത്തരാണ്. തങ്ങളുടേതായ നിലയിൽ ഒരു മസ്ജിദും നിർമിച്ചിട്ടുണ്ട്. ചന്ദാ വ്യവസ്ഥിതിയിലും എല്ലാവരും ചേർന്നിരിക്കുന്നു.

മാലിയിലെ അമീർ സാഹിബ് എഴുതുന്നു:'തേജാനിയ കക്ഷിയുടെ ഒരു വലിയ ഇമാം ആദം തൻഗാര സാഹിബ് ബയ്അത്ത് ചെയ്തു. താൻ ഒരു ദീർഘകാലമായി ജമാഅത്തിന്റെ കാസറ്റുകളും റേഡിയോ പരിപാടികളും കേൾക്കാറുണ്ടായിരുന്നുവെന്ന് അദ്ദേഹം ബയ്അത്ത് ചെയ്തുകൊണ്ട് പറഞ്ഞു. മാലിയിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമ്മുടെ ധാരാളം റേഡിയോ നിലയങ്ങളുണ്ട്. എഫ്.എം റേഡിയോ നിലയങ്ങളുണ്ട്. അതിന്റെ ദൂര പരിധി 70, 80 മൈലുകളാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഒരുപാട് വ്യാപിച്ചിരിക്കുന്നു. വിശാലമായ നിലയിലാണ് തബ്ലീഗ് നടന്നു വരുന്നത്. പറയുന്നു: "അദ്ദേഹത്തിന്റെ പിതാവായ ആദം സാഹിബ് തേജാനിയ കക്ഷിയുടെ വലിയ ഇമാമായിരുന്നു. ഈ പ്രദേശത്തെ ബഹുദൈവാരാധകരായ 93 ഗ്രാമങ്ങളെ അദ്ദേഹം മുസ്‌ലിമാക്കിയിരുന്നു. ഒരു രാത്രി ഈ ആദം സാഹിബ് അഹ്മദിയ്യത്ത് തന്നെയാണ് നേരായ വഴിയെന്നും അഹ്മദിയ്യത്തിന്റെ സന്ദേശം പ്രചരിപ്പിക്കുന്നതിന് ഒരുപാട് ശ്രമിക്കണമെന്നും അദ്ദേഹത്തിന്റെ പിതാവ് പറയുന്നതായി സ്വപ്നം കണ്ടു; അതായത് അദ്ദേഹത്തിന്റെ മകൻ. ഇതിന് ശേഷം ഇദ്ദേഹം നമ്മുടെ മുഅല്ലിം സാഹിബിനെ കണ്ടു. മുഅല്ലിം സാഹിബിനോടൊപ്പം തബ്ലീഗിനുവേണ്ടി ഒരു ഗ്രാമത്തിൽ പോയി. ആ ഗ്രാമവാസികൾ ആദ്യം ബഹുദൈവവിശ്വാസികളായിരുന്നു. ഇദ്ദേഹത്തിന്റെ പിതാവ് മുഖേന മുസ്‌ലീംകളായവരാണ്. ആ ഗ്രാമത്തിലെ ഇമാം, ആദം സാഹിബിന്റെ പിതാവിന്റെ ഉറ്റ സ്നേഹിതനായിരുന്നു. ഇപ്പോൾ അദ്ദേഹത്തിന് 87 വയസ്സാണ്. ആ രാത്രി അദ്ദേഹം തബ്ലീഗ് ചെയ്തു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ 3400 ബയ്അത്തുകൾ അവിടെ നടന്നു.

മാലി റീജിയണിലെ ജീമായിൽനിന്ന് അവിടെത്തെ മുഅല്ലിം സാഹിബ് എഴുതുന്നു:'ഒരു ദിവസം ഞങ്ങളുടെ റീജിയണിലെ അഹ്മദിയായ അബ്ദുസ്സലാം തറാവുഡെ സാഹിബ് തന്റെ അടുത്ത ഗ്രാമത്തിൽ പോയി. അവിടെ ഉണ്ടായിരുന്ന ഗ്രാമവാസികൾ അദ്ദേഹത്തോടു പറഞ്ഞു,' മഴ പെയ്തിട്ട് ഒരുപാട് നാളായി. താങ്കളുടെ ജമാഅത്ത് സത്യമാണെങ്കിൽ മഴപെയ്യാൻ താങ്കൾ ദുആ ചെയ്യുക.' ഈ മുഅല്ലിം സാഹിബ് മാലി വാസിയാണ്. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദിന്റെ സത്യത്തിനായി അടയാളം കാണിക്കുക എന്ന് പറഞ്ഞ് ദുആ ചെയ്തു. പറയുന്നു: ഈ ദുആയ്ക്കുശേഷം അവിടെ കാർമേഘം ഉരുണ്ടുകൂടാൻ തുടങ്ങി. എല്ലായിടത്തും വെള്ളം കെട്ടിനില്ക്കുംവിധം മഴപെയ്തു. ഇതുകഴിഞ്ഞ് കറച്ചാളുകൾ അബ്ദിസ്സലാം സാഹിബിന്റെ അടുക്കൽ വന്നു. അവർ പറഞ്ഞു, 'അഹ്മദിയ്യാ ജമാഅത്ത് സത്യവും ദൈവികവുമാണെന്ന് ഞങ്ങൾക്ക് മനസ്സിലായിരിക്കുന്നു.' ഇപ്രകാരം ഗ്രാമവാസികൾ മുഴുവൻ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു.

ഘാനയിലെ നമ്മുടെ മുബല്ലിഗ് സാഹിബ് വഫാത്തായിരിക്കുന്നു. വഫാത്താകുന്നതിനുമുമ്പേ അദ്ദേഹം ഒരു സംഭവം എഴുതി അറിയിച്ചിരുന്നു. 'ഒരുസ്ഥലത്ത് നമ്മുടെ ഒരു ദാഈഇലല്ലാ ആയ അബ്ദുല്ലാഹ് സാഹിബിനോട് ലാമ്പോദ എന്നസ്ഥലത്തെ വാസികൾ തബ്ലീഗ് ചെയ്തുകൊണ്ടിരിക്കുന്നതിനിടയിൽ മഴയ്ക്കുവേണ്ടി ദുആ ചെയ്യാൻ പറഞ്ഞു. അതുകേട്ടപ്പോൾ താൻ ഇമാം മഹ്ദിയ്ക്കുവേണ്ടി തബ് ലീഗ് ചെയ്യുന്നതുകൊണ്ട് തന്റെ ദുആ സ്വീകരിക്കുമെന്നും രാത്രിയിൽ മഴ പെയ്യുമെന്നും അദ്ദേഹം വിളംബരം ചെയ്തു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതേരാത്രി ഒരു മണിക്ക് ആ പ്രദേശത്ത് കനത്ത മഴ പെയ്തു. ഈ ദുആ സ്വീകാര്യതയുടെ അടയാളം കണ്ടിട്ട് ആ പ്രദേശത്തെ വലിയൊരു വിഭാഗമാളുകൾക്ക് അഹ്മദിയ്യത്ത് സ്വീകരിക്കാൻ തൗഫീഖ് ലഭിച്ചു.

ഐവറികോസ്റ്റിലെ അമീർ സാഹിബ് എഴുതുന്നു: അഹ്മദിയ്യത്ത് സ്വീകരിച്ചതിനുശേഷം തനിക്ക് യഥാർഥമായ ശാന്തിയും സന്തോഷവും ലഭിച്ചുവെന്ന് നവ അഹ്മദിയായ ഫാത്വിമ സാഹിബ പറയുന്നു. അഹ്മദിയ്യത്ത് യഥാർഥ ഇസ്ലാമിനെക്കുറിച്ച് അവരെ പരിചയപ്പെടുത്തി. അവർ പറയുന്നു: 'ഞാൻ അവസാന ശ്വാസംവരെ അഹ്മദിയ്യത്തിൽ ഉറച്ചു നില്ക്കുമെന്ന് പ്രതിജ്ഞ ചെയ്തുകൊള്ളുന്നു.' ബയ്അത്ത് ചെയ്തതിനുശേഷം തനിക്ക് ആത്മീയതയിൽ വർധനവുണ്ടായെന്നും നമസ്കാരങ്ങളിൽ ആനന്ദവും താൽപര്യവും ഉണ്ടായിത്തുടങ്ങിയെന്നും കർമപരമായ അവസ്ഥ മെച്ചപ്പെട്ടുവെന്നും അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്ലാമനുസരിച്ച് പ്രവർത്തിക്കുന്നത് എളുപ്പമായെന്നും ഐവറികോസ്റ്റിൽനിന്ന് നവ അഹ്മദി സുഹൃത്തായ ത്വൗറെ അൽവലി സാഹിബ് എഴുതുന്നു. പറയുന്നു:'ഇതിനും പുറമെ അഹ്മദിയ്യത്തിന്റെ സാഹിത്യങ്ങളിലൂടെ അറിവിലും ജ്ഞാനത്തിലും വർധനവുണ്ടായിരിക്കുന്നു.'

ഗനി കനാക്കറിലെ ഇൻചാർജ് മുബല്ലിഗ് എഴുതുന്നു:"തന്റെ ഗ്രാമത്തിൽ മസ്ജിദു നിർമിക്കുന്നതിനായി അഹ്മദിയ്യ ജമാഅത്തിൽനിന്ന് സഹായം വാങ്ങുന്നതിനായി ഒരു സ്നേഹിതനായ സില സാഹിബ് മിഷൻഹൗസിൽ വന്നു. പറയുന്നു:'ഞാൻ അദ്ദേഹത്തിന് ജമാഅത്തിനെ പരിചയപ്പെടുത്തി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനത്തെക്കുറിച്ച് പറഞ്ഞു. കുറെ സമയം ഇരുന്നതിനുശേഷം എത്രമാത്രം സന്തോഷവാനായിരുന്നെന്നാൽ അദ്ദേഹം പറഞ്ഞു:'താങ്കൾ എന്റെ ഗ്രാമത്തിൽ വരണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഈ സന്ദേശം എല്ലാവർക്കും എത്തിച്ചുകൊടുക്കണം. അങ്ങനെ പരിപാടിയനുസരിച്ച് അദ്ദേഹത്തിന്റെ ഗ്രാമത്തിൽപോയി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മുഴുവൻ ഗ്രാമങ്ങളും ഏകദേശം അഞ്ചു ഗ്രാമങ്ങൾ ബയ്അത്ത് ചെയ്ത് അഹ്മദിയ്യത്തിൽ പ്രവേശിച്ചു.

കാംഗോയിലെ ഒരു പാതിരി അഹ്മദിയ്യത്ത് സ്വീകരിച്ചു. അദ്ദേഹത്തിൽ വ്യക്തമായ പരിവർത്തനമാണുണ്ടായിട്ടുള്ളത്. അദ്ദേഹം പറഞ്ഞു: 'ഞാൻ വർഷങ്ങളായി പാതിരിയായി പ്രവർത്തിച്ചു. ജനങ്ങൾക്ക് മതാധ്യാപനങ്ങൾ നല്കി. പക്ഷേ, മനഃസംതൃപ്തിയും ദൈവത്തിന്റെ സാമീപ്യം

പ്രാപിക്കുക എന്ന ബോധവുമുണ്ടായത് അഹ്മദിയ്യത്തിലാണ്. ഇതിനുമമ്പേ ഒരിക്കലും ഇതുണ്ടായിട്ടില്ല. ഇപ്പോൾ എന്റേതെല്ലാം അഹ്മദിയ്യത്ത് മാത്രമാണ്.' അൽജസായിറിലെ ഒരു സ്നേഹിതൻ തന്റെ കുടുംബം അഹ്മദിയ്യത്തിൽ പ്രവേശിച്ചതിനെ സംബന്ധിച്ച് എഴുതുന്നു: അദ്ദേഹത്തിന്റെ മാതാവ് തന്റെ വീട്ടിൽ ഒരു ശേയ്ഖ് വന്നിരിക്കുന്നതും അവരുടെ മക്കൾക്ക് നല്ല കാര്യങ്ങൾ പഠിപ്പിക്കുന്നതും അതുമുഖേന വീട്ടിൽ നല്ലപ്രഭാവം ഉണ്ടായിരിക്കുന്നതും സ്വപ്നം കണ്ടു. വീട്ടുകാർക്ക് അദ്ദേഹത്തിനോട് നല്ലവിശ്വാസം ഉണ്ടായിരിക്കുന്നു. അദ്ദേഹത്തിന്റെ മാതാവ് എഴുതുന്നു: ഒരു ദിവസം അവരുടെ മകൾ ടി.വി. കാണുകയായിരുന്നു. പെട്ടന്ന് അത് എം.ടി.എ യിൽ വന്നു നിന്നു. ആ സമയത്ത് എന്റെ ചിത്രമാണ് എം.ടി.എ യിൽ വന്നിരുന്നത്. ആ ചിത്രം കണ്ടിട്ട് സന്തോഷംകൊണ്ട് പറഞ്ഞു,'ഞാൻ സ്വപ്നത്തിൽ കണ്ട വ്യക്തിയാണിത്.' അതിനുശേഷം അവർ പതിവായി എം.ടി.എ കാണാൻ തുടങ്ങി. അതിൽനിന്ന് കാത്തിരുന്ന ഇമാം മഹ്ദി വന്നു കഴിഞ്ഞിരിക്കുന്നുവെന്ന് അവർക്ക് മനസ്സിലായി. അങ്ങനെ അവർ 2013 നവംബറിൽ ബയ്അത്ത് ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചു.

ഗനി കനാക്കറിലെ ഇൻചാർജ് മുബല്ലിഗ് എഴുതുന്നു: കനാക്കറി തലസ്ഥാനത്തുനിന്ന് 200 കിലോമീറ്റർ അകലെ സോമിയോ യാവി എന്ന ഒരു വലിയ ഗ്രാമത്തിൽനിന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ വർഷം നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരുന്ന കാരണത്താൽ ഗ്രാമം മുഴുവനും അഹ്മദികളായി. കൂടുതൽ ഗ്രാമങ്ങളിലും അഹ്മദികളുണ്ടായി. പറയുന്നു: ഇത്ര വലിയ ജനസംഖ്യ പരിഗണിച്ച് ഇവിടെ ജമാഅത്ത് രൂപീകരിക്കാമെന്ന് ഞങ്ങൾ വിചാരിച്ചു. ഞങ്ങൾ ജമാഅത്ത് രൂപീകരിക്കാൻ അവിടെ എത്തുന്നതിനുമുമ്പേ അവിടെയുള്ളവർ ഞങ്ങളെ കാത്തു നില്ക്കുകയായിരുന്നു. അവരിൽ അവിടത്തെ ജാമിഅ മസ്ജിദിലെ ഇമാമും ഉണ്ടായിരുന്നു. അദ്ദേഹവും ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു കഴിഞ്ഞിരുന്നു. ഞങ്ങൾ ഇവിടെ ജമാഅത്ത് രൂപീകരിക്കാൻ ആഗ്രഹിക്കുന്നുവെന്ന് പറഞ്ഞപ്പോൾ ഗ്രാമത്തിലെ ചീഫ് പറഞ്ഞു, 'ഞങ്ങളുടെ ധനവും സ്വത്തുമെല്ലാം അർപിച്ചിരിക്കുന്നു. ഈ വലിയ മസ്ജിദും നിങ്ങളുടേതാണ്. എന്നല്ല ഗ്രാമം മുഴുവൻ നിങ്ങളുടേതാണ്. പറഞ്ഞു, 'അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്ലാമിനെ സ്വീകരിച്ചുകൊണ്ട് ഞങ്ങൾ ഞങ്ങളുടെ ജീവിതത്തിൽ അങ്ങേയറ്റം വിലപിടിച്ച ഈ നിഅ്മത്ത് പ്രാപിച്ചിരിക്കുകയാണ്. ഇപ്പോൾ ഞങ്ങളുടെ കണ്ണുകൾ തുറന്നിരിക്കുന്നു. ഞങ്ങൾക്ക് യഥാർഥ ഇസ്ലാമിന്റെ മുഖകമലം ദൃശ്യമായിരിക്കുന്നു.

ഇറ്റലിയിലെ നമ്മുടെ ഹാഫിള് മുഹമ്മദ് സാഹിബ് പറയുന്നു. അദ്ദേഹം കബാബീറിൽനിന്നുള്ള നമ്മുടെ തൽസമയ പരിപാടി എം.ടി.എയിൽ കാണാറുണ്ടായിരുന്നു. പറയുന്നു: അതുകണ്ടതിനുശേഷം ഞാൻ 6 മാസമായി മനസ്സുകൊണ്ട് ബയ്അത്ത് ചെയ്ത് കഴിഞ്ഞിരുന്നു. അല്ലാഹു അതിന് സാക്ഷിയാണ്. പക്ഷേ, ഇതുവരെ എനിക്ക് ഫോറം പൂരിപ്പിച്ചയക്കാൻ കഴിഞ്ഞിരുന്നില്ല. ഞാൻ തനിച്ചാണ് താമസിക്കുന്നത്. ഞാൻ സത്യം തിരിച്ചറിഞ്ഞപ്പോൾ എന്റെ സന്തോഷത്തിന് അതിരുണ്ടായിരുന്നില്ല. ഇമാം മഹ്ദി(അ)ന്റെ സത്യത്തിന് ഞാൻ തന്നെ ഒരു തെളിവാണ്. അതിപ്രകാരമാണ്. 2008 ൽ ആദ്യമായി അവിചാരിതമായി എം.ടി.എ കാണാൻ ഇടയായി. അതിൽ നാസിഖ് മൻസൂഖ് വിഷയത്തിലുള്ള ചർച്ചയാണ് അപ്പോൾ നടന്നു കൊണ്ടിരുന്നത്. അപ്പോൾ എനിക്ക് നിങ്ങളെ കുറിച്ചോ ഇമാം മഹ്ദി(അ)യെ കുറിച്ചോ ഒന്നും അറിയില്ലായിരുന്നു. പരിപാടി നല്ലതായി തോന്നി. സ്ഥിരമായി കാണാനും തുടങ്ങി. അതിനുശേഷം ജിന്നുകളുടെ യാഥാർഥ്യത്തെ സംബന്ധിച്ച് "അൽഹിവാറുൽ മുബാശിർ" പരിപാടി കണ്ടു. ആ പ്രോഗ്രാം മുഖേന ഞാൻ ഈ ജമാഅത്ത് സത്യമാണെന്ന് അംഗീകരിച്ചു. പിന്നീട് ഈ പരമ്പര തുടർന്നുകൊണ്ടിരുന്നു. അദ്ദേഹം പറയുന്നു, പിന്നീട് 2013 ൽ ഹദ്റത്ത് മസീഹിന്റെ കുരിശിൽനിന്നുള്ള മോചനവും അദ്ദേഹത്തിന്റെ മരണവും സംബന്ധിച്ചുള്ള പരിപാടി കണ്ട് എത്രമാത്രം തൃപ്തനായെന്നാൽ ബയ്അത്ത് ചെയ്യാതിരിക്കാൻ നിർവാഹമില്ലാതായി. പറയുന്നു:'ഇപ്പോൾ ഈ പരിപാടിയിലൂടെ ഞാൻ എന്റെ ബയ്അത്ത് വിളംബരം ചെയ്യുകയാണ്.'

അൽജസായിറിൽനിന്ന് അബ്ദുൽ ഹക്കീം സാഹിബ് പറയുന്നു:'ഞാൻ 90 ന്റെ ദശകത്തിൽ ഇസ്കവാഡ സിവിൽ ഡിഫൻസിൽ ചേർന്നു. കാരണം രാജ്യത്ത് മത സംഘടനകൾ ഇസ്ലാമിന്റെ പേരിൽ ഭീകരവാദം പ്രചരിപ്പിക്കുകയായിരുന്നു. ജനങ്ങളെ കൊലചെയ്ത് മുതലുകൾ കൊള്ളയടിക്കുകയായിരുന്നു. ഇസ്ലാമിന്റെ പേരിൽ പ്രവർത്തിച്ചുവരുന്ന എല്ലാ ഭീകരവാദ സംഘടനകളുടേയും അവസ്ഥ ഇതേ തന്നെയാണ്. പറയുന്നു: എന്റെ ഒരു പഴയ സുഹൃത്തായിരുന്നു അബ്ബാസ് സാഹിബ്. അദ്ദേഹം ആ സമയത്ത് അഹ്മദിയായിക്കഴിഞ്ഞിരുന്നു. പക്ഷേ, എനിക്കത് അറിയുമായിരുന്നില്ല. അദ്ദേഹം ഒരു തവണ എന്നെ കണ്ടു. വിവിധവിഷയങ്ങളെക്കുറിച്ച് സംസാരിച്ചു. അദ്ദേഹം നല്കിയ വിശുദ്ധ ഖുർആനിന്റെ വ്യാഖ്യാനം മുമ്പൊരിക്കലും കേൾക്കാത്തതായിരുന്നു. ബുദ്ധിക്കനുസൃതമായിരുന്നു. അതുകേട്ട് മനസ്സ് സംതൃപ്തമായി. അങ്ങനെ ഞാൻ ആ സമയത്തുതന്നെ ബയ്അത്ത് ഫോറും പൂരിപ്പിച്ചു. ഈ പ്രിയപ്പെട്ട ജമാഅത്തിൽ പ്രവേശിച്ചു. പറയുന്നു: അതിനു കുറച്ചു ദിവസങ്ങൾക്കുശേഷം ഞാൻ സ്വപ്നം കണ്ടു. ഒരു ഇരുട്ട് നിറഞ്ഞ മൈതാനത്ത് രാത്രിയിൽ നടക്കുകയാണ്. പിന്നീട് ഒരു പുണ്യവാളനെ കണ്ടു. അദ്ദേഹം എന്റെ കൈപിടിച്ച് നടക്കുന്നു. ഞങ്ങൾ സമുദ്രതീരത്ത് എത്തുന്നു. അവിടെ ഒരു വഞ്ചിയുണ്ട്. അതിനടുത്ത് മറ്റൊരു സാഹിബ് നില്ക്കുന്നതായി കാണുന്നു. അദ്ദേഹം ഞങ്ങളെ കാത്തുനില്ക്കുന്നതായിട്ടാണ് തോന്നുന്നത്. ഞങ്ങൾ മൂവരും അതിൽ യാത്ര തുടങ്ങുന്നു. ഇക്കൂട്ടർ ആരാണെന്ന് ഞാൻ മനസ്സിൽ ചോദിക്കുന്നുണ്ട്. അപ്പോൾ എന്നെ കൂടെകൊണ്ടുവന്ന പുണ്യാളൻ പറഞ്ഞു:'ഞാൻ അല്ലാഹുവിന്റെ റസൂൽ(സ)ആകുന്നു. ഇത് ഇമാം മഹ്ദിയും മസീഹ് മൗഊദുമായ മിർസാ ഗുലാം അഹ്മദ്(അ) ആകുന്നു.ഇതിനുശേഷം ആ വഞ്ചി ഒഴുകിയൊഴുകി ഒരു കപ്പലിന്റെ അടുക്കലെത്തുന്നു. അപ്പോൾ ഈ കപ്പലിൽ യാത്ര ചെയ്യാനും ആ കപ്പലിലെ യാത്രക്കാരോടൊപ്പം ചേരാനും അവർതന്നെയാണ് താങ്കളുടെ യഥാർഥ കുടുംബക്കാർ എന്നും അവർ രണ്ടുപേരും എന്നോടു പറഞ്ഞു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സാഹിത്യങ്ങൾ എങ്ങനെയാണ് ഹൃദയങ്ങളിൽ സ്വാധീനം ചെലുത്തുന്നത്. മറാക്കിശിലെ അബ്ദുൽ അസീസ് സാഹിബ് പറയുന്നു: ഞാൻ ചരിത്രത്തിന്റേയും സാമൂഹിക ശാസ്ത്രത്തിന്റേയും ഉസ്താദാണ്. അല്ലാഹു വലിയ നിഅ്മത്തുകൾനല്കി കടാക്ഷിച്ച് എനിക്ക് സ്ഥാനകയറ്റവും കിട്ടി. വീടുമുണ്ട്. പക്ഷേ, ഞാൻ ദോഷപ്രവണമായ ആത്മാവിന്റെ വഴികേടിൽ കിടന്നു. പാപങ്ങളിൽ വീണുകൊണ്ടിരുന്നു. അവസാനം അല്ലാഹു ബയ്അത്ത് ചെയ്യാൻ തൗഫീഖ് നല്കി. ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യാൻ തുടങ്ങി. ഇതെന്റെ മുറിവുകളുടെ ഔഷധവും എന്റെ ആത്മാവിനുള്ള ചികിത്സയുമാണെന്ന് അനുഭവപ്പെടാൻ തുടങ്ങി. എന്റെ ആത്മാവിന്റെ പരിശുദ്ധിയെക്കുറിച്ച് എനിക്ക് ചിന്തയുണ്ടായി. ഖലീഫ തിരുമനസ്സിന്റെ സന്നിധിയിൽ അല്ലാഹു സത്യസന്ധന്മാരുടെ കൂടെ എന്റെ പേരും എഴുതുന്നതിനായി ദുആ ചെയ്യാൻ എഴുതണമെന്ന ബോധമുണ്ടായി.

ജപ്പാനിൽനിന്ന് നമ്മുടെ സ്വദ്ർ സാഹിബ് എഴുതുന്നു: ജമാഅത്തിൽ നടക്കുന്ന ശഹാദത്തിനുപകരം അല്ലാഹു ഏതെല്ലാം രീതിയിലാണ് ജമാഅത്തിനെ സഹായിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്നത്. പറയുന്നു: ശേഖ്പൂരയിൽ ഖലീൽ അഹ്മദ് സാഹിബ് ശഹീദായപ്പോൾ ഞാൻ ഖുത്ബയിൽ അദ്ദേഹത്തെ കുറിച്ച് പറയുകയുണ്ടായി. അപ്പോൾ വെറും ആറുമാസം മാത്രം ജമാഅത്തുമായി ബന്ധമുള്ള ഒരു ജാപാനീ സുഹൃത്തിന്റെ -ജമാത്തുമായിട്ടുള്ള ബന്ധം അദ്ദേഹത്തെ തബ്ലീഗ് ചെയ്തുകൊണ്ടിരുന്നു എന്നതു മാത്രമാണ്-താൻ അഹ്മദിയാകാൻ ആഗ്രഹിക്കുന്നു എന്നു പറഞ്ഞുകൊണ്ടുള്ള ഫോൺവന്നു. അപ്പോൾ ഞാൻ അദ്ദേഹത്തെ മസ്ജിദിലേക്ക് ക്ഷണിച്ചു. ബയ്അത്തിന്റെ നടപടികൾ നടന്നു. അദ്ദേഹം ഈ ശഹാദത്തിനെ സംബന്ധിച്ച്, അദ്ദേഹത്തിന്റെ അനുസ്മരണം കേട്ടതിനുശേഷം ബയ്അത്ത് ചെയ്തു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ സാമ്പത്തിക വ്യവസ്ഥിതികളിലും ചേർന്നിരിക്കുന്നു.

യാദ്ഗീറിലെ ജില്ല അമീർ എഴുതുന്നു: യാദ്ഗീർ നഗരത്തിലെ ഒരു യുവാവ് മഞ്ചുനാഥ് ബി എസ്സ് സി യ്ക്ക് പഠിക്കുകയായിരുന്നു. അദ്ദേഹത്തോടൊപ്പം നമ്മുടെ ഒരു ഖാദിമും പഠിക്കുന്നുണ്ടായിരുന്നു. ഒരു ദിവസം അദ്ദേഹത്തിന് നോട്ടെഴുതാൻവേണ്ടി നോട്ടുബുക്കിന്റെ ആവശ്യമുണ്ടായി. അദ്ദേഹം നമ്മുടെ ഖാദിമിന്റെ ബുക്ക് വാങ്ങി. അതിൽ മാനവികത വിജയിക്കട്ടെ, എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് എന്നെഴുതിയിരുന്നു. ഇത് അദ്ദേഹത്തിന്റെ മനസ്സിനെ സ്വാധീനിച്ചു. അശാന്തി ഇത്രയധികം വ്യാപിച്ചിരിക്കുന്ന ഇക്കാലത്ത് ഇതിനെക്കാൾ വലിയ മനോഹരമായ സന്ദേശം മറ്റൊന്നുണ്ടാകുകയില്ല. ഈ മുദ്രാവാക്യം അദ്ദേഹത്തിന്റെ മനസ്സിൽ വളരെ നല്ല സ്വാധീനമാണുണ്ടാക്കിയത്. കൂടുതൽ അറിയുന്നതിനുവേണ്ടി നമ്മുടെ ഖാദിമിനോട് അഹ്മദിയ്യത്തിനെക്കുറിച്ച് ചോദിച്ചു. അദ്ദേഹത്തിന് സാഹിത്യങ്ങൾ കൊടുത്തു. ആഴത്തിലുള്ള പഠനത്തിനുശേഷം സമാധാനസ്ഥാപനത്തിനും മാനവരുടെ സേവനത്തിനുംവേണ്ടി അങ്ങേയറ്റം ശ്രമിച്ചുകൊണ്ടിരിക്കുന്ന സംഘടിതവും സത്യസന്ധവുമായ ഒരുജമാഅത്തണ് അഹ്മദിയ്യാ ജമാഅത്തെന്ന് അദ്ദേഹം അറിഞ്ഞു. ജമാഅത്തിനെക്കുറിച്ച് ഒരുപാട് മനസ്സിലാക്കിയതിനുശേഷം അദ്ദേഹം സംതൃപ്തനായി. അദ്ദേഹം 2014 മാർച്ചിൽ ബയ്അത്തുചെയ്തു.

അതുകൊണ്ട് അഹ്മദികളുടെ വെറും മുദ്രാവാക്യമല്ല, പ്രത്യുത കർമപരമായ അവസ്ഥകളും ഇങ്ങനെ ആവേണ്ടതാണ്. കാരണം ഇതും തബ്ലീഗിനുള്ള മാർഗമായിത്തീരുന്നു. മുമ്പേയും ഇക്കാര്യം പലപ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്. നമ്മുടെ അധ്യാപനങ്ങൾ പറയുന്നതുകൊണ്ട് ഫലമുണ്ടാകുകയില്ല. എന്നാൽ, യഥാർഥത്തിൽ ആളുകൾ കർമങ്ങളും കാണുമ്പോൾ ശ്രദ്ധിക്കാൻ തുടങ്ങും. അതുകൊണ്ട് എല്ലാ അഹ്മദികളുടേയും മേലുള്ള വളരെ വലിയ ഉത്തരവാദിത്തമാണിത്.

മിസ്റിൽനിന്ന് ഒരു സ്നേഹിതൻ മഹ്മൂദ് സാഹിബ് എഴുതുന്നു:'അല്ലാഹുവാണ! അല്ലാഹവാണ! നിങ്ങൾ സത്യത്തിലാണുള്ളത്. അഹോകഷ്ടം! മുഴുലോകവും നിങ്ങളുടെ നേർവഴി പിൻപറ്റിയിരുന്നെങ്കിൽ!അൽഹംദുലില്ലാഹ്! ഞങ്ങളുടെ പിതാവ് ബയ്അത്ത് ചെയ്തു. പിന്നീട് എന്റെ സഹോദരൻ. പിന്നീട് എന്റെ മാതാവ്. പിന്നീട് ഞാൻ. പിന്നീട് എന്റെ കസിൻ. എന്റെ പിതാവിന്റെ കസിനും ബയ്അത്ത് ചെയ്തു.' എന്തായാലും ഇത് ആ നിരവധി സംഭവങ്ങളിൽ ചിലതാണ്. ഇവ ഞാൻ മിക്കപ്പോഴും റിപ്പോർട്ടുകളിൽ കാണാറുള്ളതാണ്. എങ്ങനെ അല്ലാഹു തന്റെ അടയാളങ്ങൾ കാണിച്ചുകൊണ്ടിരിക്കുന്നുവെന്ന്. സ്വപ്നങ്ങൾ മുഖേന എങ്ങനെ അല്ലാഹു മാർഗദർശനം നല്കുന്നുവെന്ന്. എങ്ങനെയാണ് എതിരാളികളുടെ എതിർപ്പുകളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ലേക്ക് സദ്പ്രകൃതക്കാരായ ആളുകളുടെ മമസ്സുകൾ തിരിച്ചുവിടുന്നതെന്ന്. എങ്ങനെയാണ് പാതിരിയും ഇസ്‌ലാമിന്റെ യാഥാർഥ്യം അംഗീകരിക്കുന്നതെന്ന്. എങ്ങനെയാണ് ഹദ്റത്ത് മസീഹ് മൗഊദിനെ വിശ്വസിച്ചുകൊണ്ട് അറിവിലും ജ്ഞാനത്തിലും ആളുകൾ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നതെന്ന്. എങ്ങനെയാണ് തങ്ങളുടെ കർമപരമായ ഉന്നതിയിലേക്ക് ശ്രദ്ധ ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്ന്. ഈ എല്ലാ കാര്യങ്ങളും ഏതെങ്കിലും മനുഷ്യന്റെ ശ്രമഫലമാണോ? അല്ല. നിശ്ചയമായും ഇക്കാര്യങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)വേണ്ടി അല്ലാഹു സഹയിക്കുകയും തുണയ്ക്കുകയും ചെയ്യുന്നുവെന്ന വിവരം നല്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)സത്യവാനാണെന്നുള്ളതിന്റെ തെളിവാണ്. അതുകൊണ്ട് പുതിയതായി വരുന്നവരുടെ സംഭവങ്ങൾകേട്ട് നമ്മുടേയും അവരുടേയും ഈമാനിൽ വർധനവുണ്ടാകുന്നതിനുവേണ്ടി ദുആ ചെയ്യുന്നതോടൊപ്പം മുസ്‌ലിം ഉമ്മത്തിനുവേണ്ടിയും ദുആ ചെയ്യേണ്ടതാണ്. അല്ലാഹു അവർക്ക് ബുദ്ധിനല്കുമാറാകട്ടെ. ഇവർ കാലത്തിന്റെ ഇമാമിനെ വിശ്വസിച്ചുകൊണ്ട് തങ്ങളുടെ ദീനും ദുൻയാവും സുവർണമാക്കുന്നവരായിത്തീരട്ടെ. ഈ നേരത്ത് മുസ്‌ലിം ലോകത്തിന്റെ അവസ്ഥ ദയനീയമാണ്. നേതാവ് പൊതുജനങ്ങളുടെമേൽ അക്രമം ചെയ്യുന്നു. പൊതുജനം നീതിയും മാർഗദർശനവും കിട്ടാത്തകാരണത്താൽ നേതാക്കന്മാർക്കെതിരിൽ പോരാടുന്നു. സ്വാർഥമതികളായ നേതാക്കളായിക്കൊണ്ട് എല്ലാവരും തങ്ങളുടെ സംഘങ്ങൾ ഉണ്ടാക്കിയിരിക്കുയാണ്.വിവിധ കക്ഷികൾ പരസ്പരം കഴുത്തറുക്കുന്നതിനുള്ള ശ്രമത്തിൽ വ്യാപൃ

തരാണ്. അല്ലാഹുവിന്റെ ഈ അവസാന നബിയിൽ വിശ്വസിക്കുന്നവരിൽ ഇത്രമാത്രം ഫിത്നയും ഫസാദും ഉണ്ടാകുന്നതെന്താണെന്നും ചിന്തിക്കുന്നില്ല. അഭിവൃദ്ധിയുടെ അഭ്യുന്നതിയിലെത്തിയിട്ട് അധഃപതനത്തിന്റെ അഗാധ ഗർത്തത്തിൽ ഏകദേശം എല്ലാ രാജ്യങ്ങളും വീണുകൊണ്ടിരിക്കുന്നു. ഈ അധഃപതനത്തിൽനിന്ന് രക്ഷപ്പെടാനും അഭിവൃദ്ധിയുടെ ഉന്നതസ്ഥാനത്ത് വീണ്ടും നടക്കാനും ഒരേയൊരു വഴിയേയുള്ളു. അത് അല്ലാഹു പറഞ്ഞ വഴിയാണ്. അവസാനം വന്നവരെ ആദ്യം വന്നവരുമായി ചേർത്ത ആ മസീഹ് മൗഊദിനെ വിശ്വസിക്കുക. ചേരിതിരിവിന് പകരം ഒരൊറ്റ സമുദായം ആയിക്കൊണ്ട് മസീഹ് മൗഊദിന്റേയും മഹ്ദി മൗഊദിന്റയും കൈയിൽ സംഘടിക്കുക. അല്ലാഹു നമുക്കിതിന് തൗഫീഖ് നല്കുമാറാകട്ടെ. ഇതിനുവേണ്ടി നമുക്ക് ഒരുപാട് ദുആചെയ്യേണ്ടതുണ്ട്. അല്ലാഹു നമുക്കും ദുആ ചെയ്യാൻ തൗഫീഖ് നല്കുമാറാകട്ടെ.അവ സ്വീകരിക്കുകയും ചെയ്യട്ടെ.

ജുമുഅ ഖുത്ബയുടെ അവസാനം ഹദൂർ അൻവർ ഒരു ഹാളിർ ജനാസയും ഒരു ഗായിബ് ജനാസയും ഉണ്ടാകുമെന്ന് വിളംബരം ചെയ്തു. ഡോക്ടർ ഇഫ്തിഖാർ അഹ്മദ് അയാസിന്റെ മകൻ ഇൻതിസാർ അഹ്മദ് അയാസിന്റെ ജനാസയായിരുന്നു ഹാളിർ. 2015 മാർച്ച് 28 ന് അമ്പതാമത്തെ വയസ്സിൽ അദ്ദേഹം വഫാത്തായി. ഹുദൂർ അൻവർ അദ്ദേഹത്തെ അനുസ്മരിച്ചു. പരേതൻ മൗലാന അത്വാവുൽ മുജീബ് റാശിദ് സാഹിബിന്റെ സഹോദരീ പുത്രനായിരുന്നു.

ഖാദിയാൻ ജാമിഅ അഹ്മദിയ്യായിലെ വിദ്യാർഥി അസീസം വസീം അഹ്മദ് സാഹിബിന്റേതായിരുന്നു ജനാസ ഗായിബ്. 2015 മാർച്ച് 25ന് ബിയാസ് നദിയിൽ മുങ്ങി മരിക്കുകയായിരുന്നു. ഇരുപത് വയസ്സായിരുന്നു. നാലുദിവസത്തിനുശേഷമാണ് മയ്യിത്ത് കിട്ടിയത്. നിയമപരമായ നടപടികൾക്കുശേഷം ഖാദിയാനിലെ ബിഹിശ്തി മഖ്ബറയിൽ ഖബറടക്കം ചെയ്തു.

ഹുദൂർ അൻവർ ഇരുവരുടേയും മഗ്ഫിറത്തിനും പദവികളുടെ ഉയർച്ചയ്ക്കും ബന്ധുക്കൾക്ക് സ്വബ്റും ധൈര്യവും കിട്ടുന്നതിനുംവേണ്ടി ദുആ ചെയ്തു. ജുമുഅ നമസ്കാരത്തിനുശേഷം ജനാസ നമസ്കരിപ്പിക്കുന്നതാണെന്നും വിളംബരം ചെയ്തു.


Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)

at Baithul Futuh,London – on 03.04.15

Malayalam Translation : Mau.Mohammad Ismaeel, For Malayalam Desk,Qadian.

Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516



If Undelivered Please Return To

Ahmadiyya Muslim Jama'at

Baithul Quddoos, G.H.Road

Calicut - 673001,Kerala